compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജൂലൈ 07
Tuesday, 07th July 2026

1201 മിഥുനം 23
23rd Mithunam 1201

1948 ആഷാഢം 16
16th Ashadha 1948

വാല്യം 15
Vol. XV

നമ്പർ / **No.** 27

Part III

Labour Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ദർഘാസ് പരസ്യം

നമ്പർ ഇ-1165/2026. 2026 ജൂൺ 17.

കേരള ഗവർണ്ണർക്കുവേണ്ടി ഇടുക്കി ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിന്റെ അധീനതയിൽ വരുന്ന പ്രദേശങ്ങളിൽ ഔദ്യോഗികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി അടിയന്തിര സാഹചര്യം നിലനിൽക്കുന്നതിനാൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ ഡ്രൈവർ ഉൾപ്പെടെ വാഹനം ലഭ്യമാക്കുന്നതിനായി വാഹന ഉടമകളിൽ നിന്നും ഒരു വാഹനത്തിന് മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. വാഹനം 1100-1500 സി.സി വരെയുള്ളതും സീറ്റിംഗ് കപ്പാസിറ്റി 5-ൽ കുറയാത്തതും ആയിരിക്കണം.

ഇതിലേയ്ക്കുള്ള ദർഘാസുകൾ 'Tender for Vehicle DLO' എന്ന തലക്കെട്ടോടെ ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയം, ഇടുക്കി, തൊടുപുഴ, പിൻ-685 585 എന്ന മേൽവിലാസത്തിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ജില്ലാ ലേബർ ഓഫീസർ, ഇടുക്കി എന്ന പേരിൽ ഇടുക്കി ജില്ലയിൽ മാറാവുന്ന നിരതദ്രവ്യമായ ഡിമാന്റ് ഡ്രാഫ്റ്റ് ഉൾപ്പെടെ സമർപ്പിക്കാവുന്നതാണ്.

ദർഘാസ് നമ്പർ— 01/2026-27

വാഹനത്തിന്റെ പേരും, അടങ്കൽ തുകയും— മഹീന്ദ്ര ബോലേറോ, സ്വിഫ്റ്റ് ഡിസയർ, ടൊയോട്ട എറ്റിയോസ്, ഹോണ്ട സിറ്റി സമാന മോഡലുകൾ— പ്രതിമാസം പരമാവധി ₹40,000

നിരതദ്രവ്യം— ₹ 5,000.

പ്രവൃത്തിയുടെ കാലാവധി/കരാർ കാലാവധി — 30-6-2027 വരെ.

ദർഘാസ് തീയതി— 17-6-2026.

ദർഘാസ് ഫോറം നൽകുന്ന തീയതി — 22-6-2026 മുതൽ 29-6-2026 വരെ.

ദർഘാസ് ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും— 30-6-2026 ഉച്ചയ്ക്ക് 12 മണി വരെ.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും— 30-6-2026 ഉച്ചകഴിഞ്ഞ് 2 മണി.

നിബന്ധനകൾ

1. പ്രസ്തുത വാഹനവും ആവശ്യമായ ഡ്രൈവറും ആഴ്ചയിൽ എല്ലാ ദിവസവും 24 മണിക്കൂറും ലഭ്യമാക്കേണ്ടതാണ്.

2. വാഹനത്തിന് ആവശ്യമായ ഇന്ധനത്തിന്റെ ചെലവ് വാഹന ഉടമ തന്നെ വഹിക്കേണ്ടതാണ്.

3. വാഹനം മാസത്തിൽ 2000 കിലോമീറ്റർ വരെ ഓടുന്നതിന് തയ്യാറായിരിക്കണം.

4. വാഹനത്തിന്റെ എല്ലാവിധ റിപ്പയറുകളും ഇൻഷുറൻസ് ഉൾപ്പെടെ മറ്റ് ബാദ്ധ്യതകളും പ്രസ്തുത വാഹനത്തിന്റെ ഉടമ തന്നെ നിർവ്വഹിക്കേണ്ടതാണ്. ഈ ഡിപ്പാർട്ട്മെന്റിലെ ജീവനക്കാർക്ക് ഇതിൽ യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.

5. ഏതെങ്കിലും കാരണവശാൽ ടി വാഹനം ലഭ്യമാക്കാതിരുന്നാൽ പ്രസ്തുത വാഹന ഉടമയിൽ നിന്ന് ടി ദിവസങ്ങളിലേക്കുള്ള പിഴ കരാർ പ്രകാരം പ്രത്യേകം ഈടാക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6. മൂന്ന് ദിവസത്തിൽ കൂടുതൽ പ്രസ്തുത വാഹനം ലഭ്യമാക്കാതിരുന്നാൽ ആയത് കരാർ ലംഘനമായി കണക്കാക്കി സർക്കാർ അനുവദിക്കുന്ന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ കരാർ ലഭിച്ചതിനുശേഷം നിശ്ചിത സമയത്തിനുള്ളിൽ വാഹന ഉടമ വാഹനം ലഭ്യമാക്കാതിരുന്നാലും ആയത് കരാർ ലംഘനമായി കണക്കാക്കി EMD കണ്ടുകെട്ടുന്നതാണ്.

7. വാഹനത്തിന്റെ സർവ്വീസ് സംബന്ധമായ കാര്യങ്ങൾക്കായി/ മറ്റേതെങ്കിലും സാഹചര്യങ്ങളിൽ വാഹനം ലഭ്യമാക്കാതിരിക്കുന്നപക്ഷം പകരം സംവിധാനം എന്ന നിലയിൽ ഇതേ കാറ്റഗറിയിൽ തന്നെയുള്ള മറ്റൊരു വാഹനം കോൺട്രാക്ടർ സ്വന്തം ചെലവിൽ ഏർപ്പെടുത്തേണ്ടതാണ്.

8. വാഹനത്തിന്റെ ഡ്രൈവർ ഒരു ടാക്സി ഡ്രൈവറുടെ നിശ്ചിത യൂണിഫോം നിർബന്ധമായും ധരിച്ചിരിക്കണം.

9. വാഹനം ഈ ഓഫീസിന്റെ കോമ്പൗണ്ടിൽ തന്നെ നിശ്ചിത ഓട്ടം കഴിഞ്ഞാൽ പാർക്ക് ചെയ്യേണ്ടതാണ്.

10. വാഹനം ഈ ഓഫീസിന്റെ ആവശ്യങ്ങൾക്ക് അല്ലാതെ ഉപയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് കരാർ ലംഘനമായി കണക്കാക്കി EMD കണ്ടുകെട്ടുന്നതാണ്.

11. വാഹനത്തിനും അതിന്റെ ഡ്രൈവർക്കും മോട്ടോർ വാഹന വകുപ്പ് നിർദ്ദേശിച്ചിരിക്കുന്ന എല്ലാവിധ രേഖകളും അനുബന്ധ സംവിധാനങ്ങളും ഉണ്ടായിരിക്കണം.

12. ടെണ്ടർ അംഗീകരിക്കുന്ന മുറക്ക് ടെണ്ടർ ലഭിച്ച കരാറുകാരൻ വാഹനത്തിന്റെ Original RC Book, Tax Receipt, Insurance Certificate, Driving License എന്നിവ പരിശോധനക്ക് ഹാജരാക്കുവാൻ ബാദ്ധ്യസ്ഥനാണ്.

13. 2000 km-ന് അധികം വരുന്ന ദൂരത്തിന് ആവശ്യമായ തുകയും ക്വാട്ട് ചെയ്യേണ്ടതാണ്.

ദർഘാസ് സംബന്ധിച്ചുള്ള തൊഴിൽ വകുപ്പിന്റെ എല്ലാ വ്യവസ്ഥകളും ഇതിന് ബാധകമാണ്. കാരണം കൂടാതെ ദർഘാസ് റദ്ദ് ചെയ്യുവാനോ മാറ്റിവയ്ക്കുവാനോ ഉള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. മേൽ പ്രസ്താവിച്ച വാഹന കരാറിനെ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഈ കാര്യാലയവുമായി ബന്ധപ്പെടേണ്ടതാണ്.

ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയം,
ഇടുക്കി, തൊടുപുഴ-685 585.

(ഒപ്പ്)
ജില്ലാ ലേബർ ഓഫീസർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.07.07 04:58:39 +05:30